2. ജോയിന്റ് ഓപ്പറേഷൻ

മുമ്പുള്ള മൂന്നു സപ്ലിമെന്ററി കരാറുകളിലും പ്രധാന കരാറിലും ജോയിന്റ് ഓപ്പറേഷനുവേണ്ടി നീക്കിവെച്ചിട്ടുള്ള റൂട്ടുകളിൽ ബസുകളും ട്രിപ്പുകളും ഓപ്പറേറ്റുചെയ്യുന്നതിനുള്ള അവകാശം രണ്ട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്കും മാത്രമായിരിക്കും. മാറ്റേതെങ്കിലും അനുബന്ധത്തിൽ ജോയിന്റ് ഓപ്പറേഷൻ റൂട്ടിൽ നിലനിൽക്കുന്ന ഒഴിവ് അതാത് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ അവകാശപ്പെടേണ്ടതും പെർമിറ്റ് അനുവദിക്കേണ്ടതും കൗണ്ടർ സൈൻ ചെയ്യേണ്ടതുമാണ്.

3. സ്പെഷ്യൽ സർവ്വീസ്

കേരളത്തിലെ ശബരിമല, ഓണം സീസണുകളിലും കർണ്ണാടകത്തിലെ ദസ്റ ഉത്സവത്തിനും ക്രിസ്തുമസ് സീസണിലും വേനലവധിക്കാലത്തും രണ്ടു സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളും സിംഗിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിൽ അധിക ബസ് സർവ്വീസ് നടത്തുന്നതായിരിക്കും. സ്റ്റേജ് കാര്യേജുകളുടെ എണ്ണം, സർവ്വീസ് നടത്തുന്ന റൂട്ട്, സർവ്വീസിന്റെ കാലാവധി എന്നിവ രണ്ട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളും ചർച്ച നടത്തി കരാറിലെത്തുന്നതായിരിക്കും. സ്പെഷ്യൽ സർവ്വീസിനുള്ള ചാർജ്ജ് ഉത്സവ സമയങ്ങളിൽ അറിയിക്കുന്നതായിരിക്കും.

(സി) കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകളിൽ നിന്നും ശരാശരി 23 രൂപ 15 പൈസ കി.മീ പ്രിവരുമാനം (EPKM) ലഭിക്കുന്നുണ്ട്. ദൈനംദിന ചിലവുകളുടെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തുമ്പോൾ ഒരു ഷെഡ്യൂളിന് 20 രൂപയെങ്കിലും (EPKM) ലഭിച്ചാൽ മാത്രമേ നഷ്ടം കൂടാതെ സർവ്വീസ് നടത്താനാകൂ. ഇപ്പോൾ ഓടിക്കുന്ന 262 ഷെഡ്യൂളുകളിൽ 63 ഷെഡ്യൂളുകൾ 20 രൂപയ്ക്ക് താഴെമാത്രം വരുമാനം ലഭിക്കുന്നവയാണ്.

(ഡി) ഉണ്ട്.

(ഇ) പുതിയ കർണ്ണാടക സർക്കാരുമായി പുതിയ കരാർ വരുന്ന മുറയ്ക്ക് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

26(*236) ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ബസ് സ്റ്റേഷനുകളും വെയിറ്റിംഗ് ഷെഡുകളും നിർമ്മിച്ചു എന്നു വെളിപ്പെടുത്തുമോ ;

(സി) ബസ് സ്റ്റാന്റുകളിൽ ടോയ്‌ലറ്റ് സൗകര്യം, കാന്റീൻ സൗകര്യം, വിശ്രമസങ്കേതങ്ങൾ എന്നിവ ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ബസ് സ്റ്റാന്റുകളിലെ ശുചീകരണം ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. ജോസ് തെറ്റയിൽ : സർ,

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി യാത്രക്കാർക്കും, ജീവനക്കാർക്കും ആവശ്യമായ വിശ്രമ മുറികൾ, ഓഫീസ് ബ്ലോക്കുകൾ പ്രാഥമികാവശ്യങ്ങൾക്കുള്ള കംഫർട്ട് സ്റ്റേഷനുകൾ, ബസ് കാത്തുനിൽക്കുന്നതിനുള്ള വെയിറ്റിംഗ് ഷെഡുകൾ മുതലായവ മെച്ചപ്പെടുത്തുന്നതിനുള്ള സിവിൽ ജോലികൾ നടത്തിവരുന്നു. കൂടാതെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട്, വഴിക്കടവ് (സ്റ്റേഷൻ മാസ്റ്റർ ആഫീസുകൾ) ആര്യങ്കാവ്, വാളാൻചേരി, പിറവം, നിലമ്പൂർ, മാള, പുതുക്കാട്, മണ്ണാർക്കാട് (വെയിറ്റിംഗ് ഷെഡുകൾ) പാലക്കാട് (ഇന്റർസ്റ്റേറ്റ് ബസ് ടെർമിനൽ) എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(സി) ബസ് സ്റ്റാന്റുകളിൽ ടോയ്‌ലറ്റ്, കാന്റീൻ, വിശ്രമസങ്കേതം എന്നിവ ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും എട്ട് കോടി രൂപ വകയിരുത്തി സ്ത്രീകൾക്കു മാത്രമായി ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയ വിശ്രമ സങ്കേതങ്ങൾ നിർമ്മിക്കുന്നുണ്ട്.

(ഡി) ബസ് സ്റ്റാന്റുകളിലെ ശുചീകരണം ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി അതാത് യൂണിറ്റ് ഓഫീസർമാർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ജനനി സുരക്ഷാ യോജനാ പദ്ധതി

27(*237) ശ്രീ. സി. കെ. സദാശിവൻ:
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബി. രാഘവൻ :
ശ്രീമതി ജെ. അരുന്ധതി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; സംസ്ഥാനത്തെ ജനസംഖ്യാ വളർച്ചാനിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly